LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മെഡിക്കൽ കോളേജിലെ പുതിയ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണപ്രവൃത്തിക്കായി 1,500 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രവൃത്തി 5-7-2019-ൽ ആരംഭിച്ചു. ഒന്നാം നിലയുടെ റൂഫിംഗ് ജോലികൾ പുരോഗമിക്കുന്നു.

(ബി) പുതിയ ട്രോമാ കെയർ യൂണിറ്റിൽനിന്നും ആശുപത്രിയുടെ മെയിൻ ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയെ തമ്മിൽ ബന്ധിപ്പിക്കാനുള്ള ബ്രിഡ്ജ്/ഇടനാഴി സംവിധാനം രൂപരേഖയിൽ ഉൾപ്പെടുത്തിയിരുന്നോ?

ഇല്ല.

(സി) ഇല്ലെങ്കിൽ ഭരണാനുമതി നൽകിയ തുകയിലെ സേവിംഗ്സ് ഉപയോഗപ്പെടുത്തി പ്രസ്തുത സംവിധാനം നിർമ്മിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ സേവിംഗ്സ് ലഭ്യമാണോ എന്ന് അറിയാൻ കഴിയുകയുള്ളൂ.

## അങ്കമാലി പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ ശോചനീയാവസ്ഥ

14(4024) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിടം ചോർന്നൊലിച്ച് ഉപയോഗശൂന്യമായ അവസ്ഥയിലും ഷീറ്റിട്ട കെട്ടിടത്തിന്റെ മുകളിലൂടെ മരക്കൊമ്പുകൾ വീണ് അപകടാവസ്ഥയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. 1980-കളിൽ നിർമ്മിതമായ ഒരു നില കെട്ടിടത്തിന്റെ മുകളിൽ ജി.ഐ. ഷീറ്റ് റൂഫിംഗ് ചെയ്ത് പാർട്ടീഷൻ ചെയ്താണ് അങ്കമാലി റോഡ്സ് സെക്ഷൻ കാര്യാലയം പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ 2015-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട അങ്കമാലി സിവിൽ സ്റ്റേഷന്റെ കെട്ടിടത്തിൽ ഈ കാര്യാലയംകൂടി പ്രവർത്തിക്കുന്നതിനുള്ള സ്ഥലസൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നിരുന്നാലും ഈ കാര്യാലയം നാളിതുവരെ സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറിയിട്ടില്ല. 2019-ലെ ശക്തമായ കാറ്റത്തും മഴയത്തും ഷീറ്റ് റൂഫിംഗിനും ചുറ്റുമതിലിനും

സാരമായ നാശനഷ്ടം സംഭവിച്ചതിനെ തുടർന്ന് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ഇവ പരിഹരിച്ചിട്ടുണ്ട്. ടി കാര്യാലയം പ്രവർത്തിക്കുന്നതിന് വിഘാതമായി നിലവിൽ ചോർച്ചയോ മറ്റ് ശോചനീയാവസ്ഥയോ ഇല്ലാത്തതുമാണ്. കൂടാതെ പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി മരക്കൊമ്പുകൾ വെട്ടുകയും ചോർച്ച മാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ടി ഓഫീസ് പൊളിച്ചുപണിയുന്നതിന് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തി നൽകുന്നതിന് ഭരണാനുമതി നൽകുമോ; വിശദീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

15(4025) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) പാലങ്ങൾ വിഭാഗത്തിനുകീഴിൽ Maintenance Estimate for Bridge in Changanassery Constituency in Kottayam District എന്ന പ്രവൃത്തിക്ക് Flood Damage Repairs-ൽ നിന്നും 17-9-2019-ലെ ഉത്തരവ് നമ്പർ AS/59C/19/107 പ്രകാരം 9,83,000 രൂപയ്ക്ക് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. കിഫ്ബി വിഭാഗത്തിനുകീഴിൽ ചങ്ങനാശ്ശേരി കവിയൂർ റോഡിന് 20-8-2016-ലെ ജി.ഒ.(ആർ.റ്റി.)നം. 1192/2016/പി.ഡബ്ല്യു.ഡി. ഉത്തരവുപ്രകാരം 15 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 18-9-2017-ലെ ഓർഡർ നം. എപിആർ-1/144/2017/കിഫ്ബി പ്രകാരം 32.77 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. ടി പ്രവൃത്തി 80% പൂർത്തീകരിച്ചു. DBM പ്രവൃത്തികൾ കഴിഞ്ഞു. BC, ട്രാഫിക് സിഗ്നലിങ് പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. കെ.എസ്.ടി.പി. വിഭാഗത്തിന് കീഴിൽ ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് നവീകരണ പ്രവൃത്തിയാണ് രണ്ടാംഘട്ടത്തിൽ നടപ്പിലാക്കിയത്. 47.70 കി.മീ. ദൂരത്തിലുള്ള പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly